(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുവഴി എത്ര രൂപ സർക്കാരിന് തിരികെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പുറമെ ക്രമക്കേടുകളിൽ കണ്ടെത്തുന്ന തുക തിരിച്ചുപിടിക്കുന്നതിന് അധികാരമുള്ള മറ്റേതെങ്കിലും ഓഡിറ്റിംഗ് ഏജൻസി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റിംഗിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകളിലെ തുകകൾ പലതും-ഓഡിറ്റിംഗ് സമയത്തുതന്നെ ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ആയത് അപ്പോൾത്തന്നെ തിരിച്ചടപ്പിക്കുകയും ചെയ്യാറുണ്ട്. ഇങ്ങനെ തിരിച്ചടയ്ക്കപ്പെടാത്ത തുകകൾ ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റ് ഒബ്ജക്ഷനും/നിരാകരിക്കലിനും വിധേയമാക്കാറുണ്ട്. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് മറുപടി തരുന്നതിന് മുമ്പ് ഇത്തരത്തിൽ തടസ്സപ്പെടുത്തലിനും നിരാകരിക്കലിനും വിധേയമാക്കിയ തുകകളിൽ പലതും അതാത് വകുപ്പുകൾ തിരിച്ചടയ്ക്കാറുണ്ട്. ഇവ കൂടാതെ ഓഡിറ്റിംഗിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകളിലെ തുക തിരിച്ചുപിടിക്കുന്നതിന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, റൂൾ 1996 പ്രകാരം ചാർജ്/സർചാർജ് നടപടികളും സ്വീകരിച്ചുവരുന്നു. റവന്യൂ റിക്കവറി വഴിയും തുക തിരികെ പിടിക്കാറുണ്ട്.

(ബി) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 16 (4) പ്രകാരം റവന്യൂ റിക്കവറി വഴി തുക ഈടാക്കുവാനുള്ള സംവിധാനം നിലവിലുണ്ട്.

(സി) ഓഡിറ്റ് വകുപ്പ് തുക തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിച്ചശേഷം സർക്കാർ തലത്തിൽ തുക ഒഴിവാക്കുവാൻ ശുപാർശ ചെയ്ത ഒരു കേസ് കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഉണ്ടായിട്ടുണ്ട്. ഈയിനത്തിൽ 1.05 ലക്ഷം രൂപ ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് ഈ വകുപ്പ് ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകളിൻമേൽ ചാർജിനത്തിൽ 3,17,280 രൂപയും സർചാർജ് നടപടിയിലൂടെ 5,85,680 രൂപയും തിരികെ അടവാക്കിയിട്ടുണ്ട്.

(ഇ) ക്രമക്കേടുകളിൽ കണ്ടെത്തുന്ന തുക തിരിച്ച് പിടിക്കുന്നതിന് അധികാരമുള്ള ഏക ഓഡിറ്റ് ഏജൻസി നിലവിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് മാത്രമാണ്.

ചിട്ടിയിൽനിന്നും കെ.എസ്.എഫ്.ഇ.-ക്കുള്ള പ്രതിവർഷ വരുമാനം

20 [5474] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, എം. എ. ചന്ദ്രശേഖരൻ:
,, ടി. യു. രാധാകൃഷ്ണൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.എഫ്.ഇ.-യുടെ വാർഷിക ടേൺഓവർ എത്രയാണ്;

(ബി) ഇതിൽ ചിട്ടിയിൽ നിന്നുള്ളതെത്രയാണ്;

(സി) ചിട്ടി കമ്മീഷനിനത്തിലും മറ്റിനങ്ങളിലുമായി ചിട്ടിയിൽനിന്നും കെ.എസ്. എഫ്.ഇ.-ക്ക് പ്രതിവർഷം എന്ത് വരുമാനമുണ്ട്;

(ഡി) 2002-03-ൽ കെ.എസ്.എഫ്.ഇ. ഗവൺമെന്റിന് നൽകിയ ലാഭവിഹിതം എത്രയാണ്?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ 2002-03 സാമ്പത്തിക വർഷത്തിലെ ടേൺഓവർ 3,574 കോടി രൂപയാണ്.

(ബി) ഇതിൽ ചിട്ടിയിൽ നിന്നുള്ള ടേൺഓവർ 1,597 കോടി രൂപയാണ്.

(സി) ചിട്ടി കമ്മീഷനിനത്തിൽ 78 കോടി രൂപയും ചിട്ടിയുടെ മറ്റിനങ്ങളിൽനിന്ന് 48 കോടി രൂപയും കെ.എസ്.എഫ്.ഇ.-ക്ക് പ്രതിവർഷം വരുമാനമുണ്ട്.

(ഡി) 2002-03-ൽ കെ.എസ്.എഫ്.ഇ. ഗവൺമെന്റിന് നൽകിയ ലാഭവിഹിതം 60 ലക്ഷം രൂപയാണ്.

കെ.എസ്.എഫ്.ഇ.-ക്ക് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികകൾ വൺടൈം സെറ്റിൽമെന്റ് മുഖേന പിരിച്ചെടുക്കാൻ നടപടി

21 [5475] ശ്രീ. എ. കെ. മണി:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ കെ. മോഹൻകുമാർ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-ക്ക് ഇടപാടുകാരിൽനിന്നും ഏതെല്ലാം ഇനങ്ങളിലുള്ള കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) 30-6-2003-ലെ കണക്കനുസരിച്ച് ഒട്ടാകെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കുടിശ്ശികയ്ക്ക് എത്ര വർഷം വരെയുള്ള പഴക്കമുണ്ട്;

(ഡി) ഇതിന് ഈടാക്കുന്ന പലിശയും പിഴപ്പലിശയും എത്ര ശതമാനമാണ്;

(ഇ) വൺ ടൈം സെറ്റിൽമെന്റ് മുഖേന പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കുന്ന പദ്ധതി കെ.എസ്.എഫ്.ഇ. പരീക്ഷിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലാത്തപക്ഷം കഴിയുന്നത്ര സൗജന്യം അനുവദിച്ച കെ.എസ്.എഫ്.ഇ.-ക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികകൾ വൺ ടൈം സെറ്റിൽമെന്റ് മുഖേന പിരിച്ചെടുക്കുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly